# ടാലൻറ് ടൈം: വിപണി വികസനത്തിൻെറ തന്ത്രം

ഗിരിജ

'ടാലൻറ് ടൈം' എന്ന ഇംഗ്ലീഷ് വാക്കിന് ബുദ്ധി, കഴിവ്, വൈദഗ്ധ്യം എന്നീ ഒട്ടേറെ അർത്ഥങ്ങൾ നിഘണ്ടു നൽകുന്നു. ജീവിതവിജയത്തിനായി ഓരോ വ്യക്തിക്കുമുള്ള ഈ ശേഷി വികസിപ്പിച്ചെടുക്കുക എന്നത് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യമാണ്. പ്രത്യേകിച്ചും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ. തൊഴിൽ ചെയ്യാനുള്ള ശേഷിയോടൊപ്പം മറ്റൊരുത്തനെക്കൊണ്ട് അത് ചെയ്യിക്കുവാനുള്ള ശേഷിയാണ് മാനേജ്മെൻറ് കോഴ്സുകളിൽ പഠിപ്പിക്കുന്നത്. മുമ്പ് ബിസിനസ്സ് നടത്തിപ്പിൽ ബിരുദാനന്തരബിരുദം അഥവാ ഡിപ്ലോമയായി (എം.ബി.എ. തുടങ്ങിയവ) മാത്രമുണ്ടായിരുന്ന ഈ പഠനം ഇന്ന് ഏറെ സൂക്ഷ്മതലത്തിലുള്ള സ്പെഷ്യലൈസേഷനുള്ളതായി മാറി.

വിപണനം, ധനകാര്യം തുടങ്ങി ഹോട്ടലുകളും ആസ്പത്രികളും വരെ ഭരിക്കാൻ വേണ്ട യോഗ്യതകൾ വെവ്വേറെ പഠിപ്പിക്കുന്നുണ്ടിപ്പോൾ. ധനവും ആൾശേഷിയും എങ്ങനെ സമർത്ഥമായി ഉപയോഗിക്കാമെന്നതിനുപുറമെ കമ്പോള വികസനം വരെ വിഷയമാണ്. ഈ വിദ്യാഭ്യാസം നടത്തുന്ന സ്ഥാപനങ്ങളുടെ വിനോദപേളുകൾ പോലും കഴിവിൻെറ വികാസത്തിനായി ഉപയോഗിക്കുക എന്ന നയത്തിൻെറ ഭാഗമായാണ് അതിനു ചേർന്ന മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ക്വിസ്സും പ്രസംഗമത്സരങ്ങളും ഗ്രൂപ്പ്ചർച്ചകളും മറ്റും ഇതിനു വേണ്ടത്ര ഉപകാരപ്രദമല്ലെന്ന് കണ്ടെത്തിയപ്പോൾ ഉടലെടുത്ത ഉത്സവങ്ങളിൽ ഒന്നാണ് ടാലൻറ് ടൈം.

കൊല്ലക്കുടിയിൽ സൂചി വിൽക്കാനും എസ്കിമോകൾക്ക് ഫ്രിഡ്ജ് വിൽക്കുവാനും കഴിയുന്നവരാക്കി മാറ്റുകയാണ് ഇതിൻെറ പ്രധാന ലക്ഷ്യം. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നു എന്നുപറഞ്ഞ് കമ്മ്യൂണിസ്റ്റുകാരെ ആക്ഷേപിച്ചിരുന്നവർ ഈ രംഗത്ത് പൂർണ്ണമായും അതേ നയമാണ് എടുക്കുന്നത്. യൗവ്വനത്തിൻെറ പ്രാരംഭഘട്ടത്തിലുള്ള ആൺ-പെൺകുട്ടികൾ ഈ രംഗത്ത് ഷൈൻ ചെയ്യാൻവേണ്ടി അതിരുകൾ പലതും കടന്നുവെന്നുവരാം. അവരുടെ ഉദ്ദേശ്യശുദ്ധിക്ക് മാപ്പ് നൽകുക. മത്സരത്തിൽ പങ്കെടുക്കുവാൻ അരങ്ങിലെത്തുന്നവർക്ക് ഒരുല്പന്നം അപ്പോൾ നൽകുകയാണ്. അതിനൊരു ബ്രാൻറ്പേരും ഉണ്ടാകും. അവിടെ കൂടിനിൽക്കുന്നവരുടെ ഇടയ്ക്ക് അതിനെപ്പറ്റി പ്രചാരണം നടത്തി വിൽക്കുന്നതിലാണ് മിടുക്ക്. ചിലപ്പോൾ വിൽക്കാനേൽപ്പിക്കുന്നത് സ്ത്രീപുരുഷന്മാരുടെ അടിവസ്ത്രങ്ങളോ ഏതെങ്കിലും ശരീരഭാഗത്തിൻെറ സൗന്ദര്യം വർദ്ധിപ്പിക്കുന്നതിനുള്ള രാസവസ്തുവോ ആകും. ഈ വിൽപ്പന ഒന്നു കൊഴുപ്പിക്കാൻ അല്പം അശ്ലീലം വന്നാലും ശ്ലീലമായല്ലേ കരുതാനാവൂ. ഇതു കൂടാതെ ഒരു വിവാദവിഷയത്തെപ്പറ്റി തുടർച്ചയായി 10 മിനിട്ട് സംസാരിക്കണം.

ആദ്യപകുതി ഒരു ഭാഗം ചേർന്നും രണ്ടാംപകുതി നേരെ എതിരായും. ബാബ്റി മസ്ജിദോ ആഗോളവൽക്കരണമോ നർമ്മദയോ എന്തുമാകാം. ഇതിൽ രണ്ടുഭാഗവും നന്നായി അവതരിപ്പിക്കുന്നവരാണ് സമ്മാനാർഹർ. ഒരു കാര്യം വ്യക്തമാണ്. ഇതിൽ രണ്ടിനോടും സമദൂരം പാലിക്കാൻ കഴിയുന്നവനാണ് മിടുക്കൻ. ഇതിലും നന്നായി ടാലൻറ് വികസിപ്പിക്കുന്ന വേറെന്തു ടൈം ഉണ്ട്.

❖ ❖ ❖

"-All is fair in love and brand wars.- A Chance to upgrade your brand equity; if you can sell a cat as a pet to a parrot you're the one we'd like to know.... ഈ വാചകങ്ങൾ കൊച്ചിസർവ്വകലാശാലാ School of management studies ന്റെ Talent time" ബ്രോഷറിൽ നിന്ന് എടുത്തിട്ടുള്ളതാണ്. റാഡിയന്റ് (Ray of Hope - ആശാകിരണം?) എന്ന കംപ്യൂട്ടർ സ്ഥാപനമാണ് ഈ ആഘോഷവേളയുടെ സ്പോൺസർമാരും പരസ്യക്കാരും.

ജീവിതവിജയം പണമാണെന്നും അതിനുവേണ്ടി എന്തും വില്ക്കയും വാങ്ങുകയും ചെയ്യുമെന്നുമുള്ള ഒരു സമവാക്യം അതിൽ ഒളിച്ചു കിടക്കുന്നത് ഞാൻ കണ്ടു. കൊച്ചി സർവ്വകലാശാല വനിതാ ഹോസ്റ്റലിലെ മേട്രന്റെ സാമൂഹ്യവിരുദ്ധ/സ്ത്രീവിരുദ്ധ നിലപാടുകളുടേയും ആ സംഭവത്തിലെ പശ്ചാത്തലവും ഇതു തന്നെയാണ് എന്നെനിക്കു തോന്നി...

പഴയ 'ഗുണമുള്ള' തലമുറ മൂല്യബോധം നഷ്ടപ്പെട്ട പുതിയ തലമുറയെക്കുറിച്ച് ചിന്തിക്കുന്ന ഒരു സാധാരണ ചിന്തയാണിത്.

കൂടുതൽ സുഖം=കൂടുതൽ പണം, അധികാരം, സൗന്ദര്യം എന്ന ഒരു സമവാക്യം നമ്മുടെ കുട്ടികളെ വളർത്തുന്ന കാഴ്ചപ്പാടിലുണ്ട്. 'മുല' കേടുവരാതെ കുട്ടികളെ അകറ്റണം എന്നും ശരീരം പൊതിഞ്ഞും പൊതിയാതെയും ഭദ്രമായി എന്നാൽ ആകർഷകമായി വിവാഹം വരെ സൂക്ഷിക്കാമെന്നും പ്രേമിച്ചാലും അതിരുകടക്കരുതെന്നും ദേഹശുദ്ധിയാണ് മനഃശുദ്ധിയേക്കാൾ അത്യാവശ്യമെന്നും നാം പെൺകുട്ടികളോട് പറയാതെ പറഞ്ഞു വരുന്നു.

ജോലി, വിവാഹം എന്നീ രണ്ടു കാര്യങ്ങളെ നമ്മുടെ കുഞ്ഞുങ്ങളെക്കുറിച്ചുള്ള ഭാവി സ്വപ്നങ്ങളിൽപ്പെടുന്നുള്ളൂ. എത്ര കൈക്കൂലി കൊടുക്കാനും സ്ത്രീധനം കൊടുക്കാനും (വാങ്ങാനും) നമുക്ക് മടിയില്ല. നാടോടുമ്പോൾ നടുവേ ഓടാതെ വയ്യല്ലോ.

